LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ). ഉണ്ട്.

(ബി&സി) 20-9-2012-ലെ തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2082/12/ ഉ.വി.വ. 15-10-2012 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2206/2012/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീ. കെ. പി. മണിലാലിനെ പ്രസ്സ് മാന്വവൽ പരിഷ്കരിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി നിയമിച്ചിരുന്നു. എന്നാൽ അച്ചടി വകുപ്പിന്റെ നവീകരണത്തെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ നിയോഗിച്ച ഇന്ദിരാ ചന്ദ്രശേഖർ ചെയർപേഴ്സണായ കമ്മിറ്റി 11-5-2011-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പ്രസ്സ് മാന്വവൽ പരിഷ്കരിച്ച് ഭേദഗതി ചെയ്യുന്നതിനും നിലവിലുള്ള സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിലേക്കുമായി മറ്റൊരു കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. Productivity Council-ന്റെ work study നടക്കുന്നതിനാൽ പ്രസ്തുത റിപ്പോർട്ടു കൂടി ലഭ്യമായ ശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

പ്രസ്സുകളുടെ ആധുനികവല്ക്കരണം

251 (3538) ശ്രീ. മാത്യു റ്റി. തോമസ്:
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ എന്തെല്ലാം അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകളിൽ നിന്ന് മാറ്റികൊണ്ടു പോയിട്ടുണ്ട് ;

(ബി) ലോട്ടറി ടിക്കറ്റ്, പാഠപുസ്തകങ്ങൾ, ബിവറേജസ് കോർപ്പറേഷന്റ് സെക്യൂരിറ്റി ലാബലുകൾ തുടങ്ങിയവ സർക്കാർ പ്രസ്സുകളിൽ പൂർണ്ണമായി അച്ചടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിച്ചുവന്നിരുന്ന റേഷൻകാർഡിന്റെ അച്ചടി ജോലി ഇപ്പോൾ ലഭ്യമാക്കിയിട്ടില്ല.

(ബി) ലോട്ടറി ടിക്കറ്റ്, ബിവറേജസ് കോർപ്പറേഷന്റെ സെക്യൂരിറ്റി ലേബലുകൾ എന്നിവ പൂർണ്ണമായി അച്ചടിക്കുവാനുള്ള സംവിധാനങ്ങൾ ഗവൺമെന്റ് പ്രസ്സുകളിൽ നിലവിലില്ല. പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ കേരള ബുക്ക്സ് & പബ്ളിക്കേഷൻസ് സൊസൈറ്റിയിലാണ് നടന്നുവരുന്നത്.

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം

252 (3539) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എത്ര കോടിയാണ് ;

(ബി) സർക്കാർ ഗ്രാന്റിനത്തിൽ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും ഈ വർഷം എത്ര തുക വീതം അനുവദിച്ചു ; ഇതിൽ എത്ര തുക നൽകി ; ഇനി എത്ര നൽകാനുണ്ട് ;

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനോ മുൻകൂർ പണം നൽകുന്നതിനോ അടിയന്തര മെയിന്റനൻസ് നടത്തുന്നതിനോ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം (വികസനവും അഭിവൃദ്ധിപ്പെടുത്തലും) 4700 കോടി രൂപയാണ്.